**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4310** **13/12/2018-ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയെ രക്ഷിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | നോട്ടു നിരോധനത്തിലൂടെ കടുത്ത പ്രതിസന്ധി നേരിട്ട സഹകരണ മേഖലയെ രക്ഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ; | (എ) | സഹകരണ മേഖലയോടുള്ള സമീപനം തിരുത്തണമെന്ന് പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചേർന്ന് സഹകരണ മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിച്ചു. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസകാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണയജ്ഞം നടത്തി.<br>നോട്ട് പിൻവലിച്ച ശേഷം സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി സഹകരണ |

| | | | |
|---|---|---|---|
| | | | മേഖലയിലെ നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കുംവിധം നടപടികൾ സ്വീകരിച്ചു. 500/-, 1000/-രൂപാ നോട്ടുകൾ അസാധുവാക്കിയതുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രതിസന്ധി കറൻസി ലഭ്യതയുമായി മാത്രം ബന്ധപ്പെട്ടുള്ളതും താത്ക്കാലികം മാത്രമാണെന്നും നിക്ഷേപതുക യാതൊരു കാരണവശാലും നഷ്ടമാകില്ലെന്നും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും കറൻസി അസാധുവാക്കിയതു മുഖേന സമ്പദ്ഘടനയുടെ പ്രത്യേകിച്ച് കാർഷിക, ചെറുകിട വ്യാപാര മേഖലയിലുണ്ടായ മാന്ദ്യം മറികടക്കുന്നതിന് കേരള സർക്കാർ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുകയും, കറൻസി അസാധുവാക്കൽ മൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ പ്രസ്ഥാനത്തോടൊപ്പം ഉറച്ചു നിൽക്കണമെന്ന് സഹകരണ മേഖലയിലെ ഇടപാടുകാരുടെ ശ്രദ്ധക്കായി പത്ര മാധ്യമങ്ങളിലൂടെ പരസ്യവും നൽകിയിരുന്നു. |
| (ബി) | കേരളത്തിലെ സാധാരണക്കാരുടെ സാമ്പത്തികാടിത്തറയായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രത്യേകമായി എന്തൊക്കെ പദ്ധതികളാണ് നടത്താനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രാഥമിക സഹകരണ സംഘങ്ങളിലെ നികഷേപങ്ങൾക്ക് കേരള സർക്കാരിന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാക്കി. ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണമേഖല വഴി സാധാരണക്കാരിലേക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിലെത്തും വിധം സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സഹകരണ മേഖലയെ ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോമുഖമായ വികസനത്തിന് വഴി തെളിയിക്കുന്നതാണ്. ദേശസാത്കൃത, പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും സഹകരണ ബാങ്കുകൾക്കും നൽകാൻ കഴിയുന്ന അവസ്ഥ സംജാതമാകുന്നതാണ്.<br>ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ, എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, അതുവഴി സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണവും സ്ത്രീശാക്തീകരണവും ലക്ഷ്യമാക്കി, വനിതാഫെഡിന്റെ ആഭിമുഖ്യത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സാമ്പത്തികമായി സ്വയം പര്യാപ്തമാക്കുന്നതിനും അംഗങ്ങൾക്കു തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഓരോ സംഘത്തിനും അനുയോജ്യമായ പ്രോജക്ടിന് ആവശ്യമായ തുക ധനസഹായമായി നൽകി നടപ്പാക്കുവാൻ ലക്ഷ്യമിടുന്ന പുനർജ്ജനി പദ്ധതി 3 വർഷം കൊണ്ട് സഹകരണ വകുപ്പ് നടപ്പാക്കുവാനുദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ സാധാരണക്കാരുടെ സാമ്പത്തി കാടിത്തറയായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക/നിഷ്ക്രീയ ആസ്തി കുറയ്ക്കുന്നതിനായി സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കി വരുന്നു. പിഴപ്പലിശ ഒഴിവാക്കി, പലിശ നിരക്ക് കുറച്ച് കുടിശ്ശികയായ വായ്പകൾ തീർപ്പാക്കുന്നതിനാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്.<br><br>സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും കുടിശ്ശിക നിർമാർജ്ജനം ലക്ഷ്യമാക്കി പ്രത്യേകം പ്രത്യേകം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ല ആസ്ഥാനമായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും സംഭരണ ഗോഡൗണുകളും ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി 30 സഹകരണ സംഘങ്ങൾ ഉൾപ്പെട്ട ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ